"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് - ജീവനക്കാര്യം - ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവും നിയമനവും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.307/2020/നി.വ തീയതി,തിരുവനന്തപുരം, 12/05/2020

പരാമർശം:- 1 10/03/2020 തീയതിയിലെ G.O.(Ms)No.27/2020/TAXES

2 11.03.2020 തീയതിയിലെ GO(P) No. 35/2020/TAXES

3 സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണറുടെ 24.04.2020, തീയതിയിലെ CT/3485/2019-A1 നമ്പർ കത്ത്.

4 സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണറുടെ 27.04.2020, തീയതിയിലെ CT/511/2019-A1 നമ്പർ കത്ത്.

ഉത്തരവ്

2017 ലെ ചരക്ക് സേവന നികുതി ആക്ട് പ്രകാരം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ താഴെപ്പറയുന്ന തസ്തികകളെ അവയുടെ നില നിന്നിരുന്ന ശമ്പള സ്കെയിലിനോ അടിസ്ഥാന ശമ്പളത്തിനോ അലവൻസുകൾക്കോ യാതൊരു മാറ്റവും വരുത്താതെ നിലനിർത്തികൊണ്ട് താഴെ പറയും പ്രകാരം പുനർനാമകരണം ചെയ്ത് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

| നിലവിലുണ്ടായിരുന്ന തസ്തിക | പുനർനാമകരണം ചെയ്തത് |
|---|---|
| അഡീഷണൽ കമ്മീഷണർ | സ്പെഷ്യൽ കമ്മീഷണർ |
| ജോയിന്റ് കമ്മീഷണർ | അഡീഷണൽ കമ്മീഷണർ |
| ഡെപ്യൂട്ടി കമ്മീഷണർ | ജോയിന്റ് കമ്മീഷണർ |
| അസിസ്റ്റന്റ് കമ്മീഷണർ | ഡെപ്യൂട്ടി കമ്മീഷണർ |
| സ്റ്റേറ്റ് ടാക്സ് ഓഫീസർ (ഹയർ ഗ്രേഡ്) | അസിസ്റ്റന്റ് കമ്മീഷണർ |

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ താഴെ പറയുന്ന തസ്തികകളിലേക്ക് സ്ഥാനക്കയറ്റവും നിയമനവും നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സൂചന (2) ഉത്തരവ് പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏറ്റവും സീനിയർ

ആയ ഡെപ്യൂട്ടി കമ്മീഷണർ (സൂചന (1) ഉത്തരവ് പ്രകാരം ജോയിന്റ് കമ്മീഷണർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത്) ശ്രീ. കെ. ജെ. ജെപ്സൺ-നെ 85000-117600 ശമ്പള സ്കെയിലിൽ അഡീഷണൽ കമ്മീഷണർ (ജോയിന്റ് കമ്മീഷണർ തസ്തിക പുനർനാമകരണം ചെയ്യപ്പെട്ടത്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി കൊണ്ടും, സംസ്ഥാന നികുതി കമ്മീഷണറുടെ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

2) സൂചന ( 2 ) പ്രകാരമുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏറ്റവും സീനിയർ ആയ അസിസ്റ്റന്റ് കമ്മീഷണർ (സൂചന (1) പ്രകാരം ഡെപ്യൂട്ടി കമ്മീഷണർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത്) ശ്രീമതി. ജ്യോതി ജോസഫൈൻ ഡി. യെ 77400-115200 ശമ്പള സ്കെയിലിൽ ജോയിന്റ് കമ്മീഷണർ (ഡെപ്യൂട്ടി കമ്മീഷണർ പുനർനാമകരണം ചെയ്യപ്പെട്ടത്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടും, ശ്രീ. കെ. ജെ. ജെപ്സൺ അഡീഷണൽ കമ്മീഷണർ ആയി സ്ഥാനക്കയറ്റം നൽകിയത് പ്രകാരമുണ്ടായ ജോയിന്റ് കമ്മീഷണർ (അപ്പീൽസ്) (പുനർനാമകരണം ചെയ്യപ്പെട്ടത്) ഒഴിവിൽ പാലക്കാട് നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ രാജഗോപാൽ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

(സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർമുഖാന്തിരം )

അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരള , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ& ആർ എസ് എ) കേരള , തിരുവനന്തപുരം

ഡയറക്ടർ (ഐ&പി ആർ ഡി ) (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ